കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ.രഞ്ജിത്.ഡി.എൻ. ഫയൽ ചെയ്ത OA (EKM).നം. 657/2015 മേലുള്ള 31/07/2015 ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ.)നം.33/2016/തൊഴിൽ. തിരുവനന്തപുരം, തീയതി:08-01-2016

---

പരാമർശം:- 1.ശ്രീ.രഞ്ജിത്.ഡി.എൻ. തൊഴിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക സമർപ്പിച്ച 26/06/2015-ലെ നിവേദനം.
2. ശ്രീ.എസ്.വി.ബിജു ചീഫ് സെക്രട്ടറിക്ക് നല്കിയ 26/06/2015 ലെ നിവേദനം.
3. ശ്രീ. സുരേഷ് കുമാർ .ആർ.ജി. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിക്ക് നൽകിയ 09/07/2015- ലെ നിവേദനം.
4. ശ്രീ.എസ്. നൗഷാദ് തൊഴിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ തീയതി വയ്ക്കാതെയുള്ള നിവേദനം.
5. OA(EKM) നം. 657/2015 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 31/07/2015 ലെ വിധിന്യായം.
6. ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 30/11/2015-ലെ ഇ 5-17522/2014/ഡി.ഐ.എം.എസ്. നമ്പർ കത്ത്.

ഉത്തരവ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റംവഴി നിയമനത്തിനായി കൊല്ലം ജില്ലയുടെ അന്തിമ സംയോജിത സീനിയോറിറ്റി ലിസ്റ്റ് 05/05/2015 ലെ ഇ 2-5714/2014/ആർ.ഡി.ഡി പ്രകാരം, ദക്ഷിണമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ പ്രസിദ്ധീകരിച്ചിരുന്നു. ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവരും സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുമാണ് ടി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്. ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.രഞ്ജിത്.ഡി.എൻ. മേൽ പറഞ്ഞ ലിസ്റ്റിൽ 7-ാമതായി ഉൾപ്പെട്ടയാളാണ്. ടി ലിസ്റ്റിലെ അനർഹരായവരെ ഒഴിവാക്കി അപാകതകൾ പരിഹരിച്ച് ലിസ്റ്റ് പുന:പ്രസിദ്ധീകരിച്ച് അർഹരായ ജീവനക്കാർക്ക് തസ്തികമാറ്റ പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ടിയാൻ പരാമർശം 1 പ്രകാരം സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനം അനുബന്ധം എ9 ആയി സമർപ്പിച്ചുകൊണ്ട് ടിയാൻ ഫയൽ ചെയ്ത OA(EKM) No. 657/2015 മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 31/07/2015 ൽ പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകനായ ടിയാനെയും പ്രസ്തുത ലിസ്റ്റിനെതിരായി അപ്പീൽ സമർപ്പിച്ചിട്ടുള്ള മറ്റ് കക്ഷികളെയും നേരിൽ

കേട്ട് ടിയാന്റെ നിവേദനമായ അനുബന്ധം എ9 മേൽ ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 4 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഒന്നാം പ്രതിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

ശ്രീ.രഞ്ജിത്.ഡി.എൻ -ന്റെ പരാമർശം 1 നിവേദനത്തിലേയും ( അനുബന്ധം എ9) പരാമർശം 2,3,4 നിവേദനങ്ങളിലെയും പ്രധാന പരാതി മേൽപറഞ്ഞ അന്തിമ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും കണ്ടിജന്റ് ജീവനക്കാരെയും സബോർഡിനേറ്റ് സർവ്വീസിലെ താഴെക്കിടയിലുള്ള ജീവനക്കാരെയും ഒഴിവാക്കണമെന്നായിരുന്നു. അതോടൊപ്പം താഴെപറയുന്ന പരാതികൾ കൂടി ഉൾപ്പെടുത്തിയിരുന്നു.

(i) പ്രൊമോഷന് അർഹരായവരുടെ അന്തിമ സംയോജിത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ടി ലിസ്റ്റിലുള്ളവർക്ക് പ്രൊമോഷൻ നൽകുകയുണ്ടായി. അതിനാൽ അപ്രകാരം നൽകിയ പ്രൊമോഷനുകളെല്ലാം റദ്ദ് ചെയ്യേണ്ടതാണ്.

(ii) പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഫുൾടൈം ജീവനക്കാരിൽ നിന്നും വ്യത്യസ്ഥമായതിനാൽ ഈ രണ്ട് തസ്തികകളും ഉൾപ്പെടുത്തി സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ കഴിയില്ല.

(iii) താല്ക്കാലിക സംയോജിത സീനിയോറിറ്റി ലിസ്റ്റിനെ സംബന്ധിച്ച് ജീവനക്കാർ സമർപ്പിച്ച ആക്ഷേപങ്ങൾ പരിഗണിക്കാതെയാണ് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത്.

(iv) ഡയറക്ടർ പ്രസിദ്ധീകരിച്ച അന്തിമ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ചില കോളങ്ങൾ അപൂർണ്ണമാണ്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) No. 657/2015 മേലുള്ള പരാമർശം 5 ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനായ ശ്രീ. രഞ്ജിത്തിനെയും മറ്റ് ബന്ധപ്പെട്ട കക്ഷികളെയും അന്നത്തെ അണ്ടർ സെക്രട്ടറി 20/10/2015 ന് നേരിൽ കേട്ടിരുന്നു. ഡയറക്ടറെ പ്രതിനിധീകരിച്ച് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും ഹിയറിംഗിൽ പങ്കെടുത്തു. ഹിയറിംഗ് സമയത്ത് അപേക്ഷകർ നിവേദനത്തിലെ ആവശ്യങ്ങൾ ആവർത്തിച്ചിരുന്നു. ഡയറക്ടർ താഴെപറയും പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

(i)ജി.ഒ.(പി) നം. 1/2014/ഉ.ഭ.പ.വ, തീയതി 03/01/2014, ജി.ഒ.(പി) നം. 21/2014/ഉ.ഭ.പ.വ, തീയതി 19/07/2014 എന്നീ ഉത്തരവുകൾ അനുസരിച്ച് തയ്യാറാക്കിയ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് 16/12/2014-ലെ ഇ 2-5714/14-ാം നമ്പർ കത്തുപ്രകാരം ദക്ഷിണ മേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഡയറക്ടറേറ്റിൽ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് 30/06/1986-ൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II ആയി ജോലിയിൽ പ്രവേശിച്ച ശ്രീ.രമേശൻ.കെ.യെ തിരുവനന്തപുരം ജില്ലയിലെ ആദ്യ ഒഴിവിൽ ക്ലാർക്കായി ഉദ്യോഗക്കയറ്റം നൽകിയത്. എന്നാൽ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഡയറക്ടറേറ്റിലെ ചില ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് പരാതിയിന്മേൽ ലിസ്റ്റ് പുനഃപരിശോധിച്ച് അപാകത ഒഴിവാക്കാൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റിലെ അപാകത പരിഹരിച്ച് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ സർപ്പിക്കുകയും ലിസ്റ്റ് അന്തിമമായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതിലും ശ്രീ.രമേശൻ.കെ.യുടെ സീനിയോറിറ്റിയിൽ യാതൊരു മാറ്റവും വന്നിട്ടില്ല.

(ii)പാർട്ട് ടൈം തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് നിലവിൽ പാർട്ട് ടൈം ആയി തുടരുന്ന ജീവനക്കാരെ ആരെയും സംയോജിത സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ എല്ലാവരും നിലവിൽ ഫുൾടൈം ജീവനക്കാരാണ്.

(iii)സംയോജിത സീനിയോറിറ്റി ലിസ്റ്റിനെ സംബന്ധിച്ച് ജീവനക്കാർ സമർപ്പിച്ച ആക്ഷേപങ്ങൾ എല്ലാം പരിഗണിച്ചാണ് ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിനെതിരെ ഒരു ജീവനക്കാരനും ഡയറക്ടർക്ക് പരാതികൾ സമർപ്പിച്ചിട്ടില്ല. എന്നാൽ ഫൈനൽ ലിസ്റ്റിലും ചില കോളങ്ങൾ ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് അവ പൂരിപ്പിച്ച് ലിസ്റ്റ് ഒന്നുകൂടി വ്യക്തത വരുത്തുന്നതിനുവേണ്ടി ദക്ഷിണ മേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് ഇതിനകം നിർദ്ദേശവും നൽകിയിട്ടുണ്ട്. ലിസ്റ്റിൽ നിലവിൽ ജീവനക്കാർ ജോലിചെയ്യുന്ന തസ്തികയും പ്രസ്തുത ജീവനക്കാർ ഫുൾടൈം തസ്തികയിൽ പ്രവേശിച്ച തീയതിയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ജീവനക്കാരുടെ എൻടികേഡർ തസ്തിക പി.റ്റി.എസ് ആയിട്ടുള്ളവർക്ക് ഫുൾടൈം തസ്തിക കണക്കാക്കി പ്രൊബേഷൻ പൂർത്തിയാക്കിയവരെയാണ് ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മറിച്ചുള്ള വാദം ശരിയല്ല. ഡയറക്ടറുടെ റിപ്പോർട്ടിന്റെ കൂടിയടിസ്ഥാനത്തിൽ കേസ് താഴെ പറയും പ്രകാരം പരിശോധിച്ച

19/07/2014-ലെ സ.ഉ.(പി) 21/14/ഉ.ഭ.പ.വ നമ്പർ ഉത്തരവിന്റെ രണ്ടാംഖണ്ഡികയിൽ മൂന്നാം അനുഛേദത്തിൽ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന വ്യക്തികൾ എൻടി കേഡറിൽ ആയിരിക്കണം എന്ന് പരാമർശിക്കുന്നതിനാൽ ടി കേഡറിലല്ലാത്ത ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ഉൾപ്പെട്ടവരെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയ നടപടി തെറ്റാണ് എന്നാണ് അപേക്ഷകർ ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ തസ്തികമാറ്റ നിയമനത്തിനുള്ള സീനിയോറിറ്റി ജില്ലാതലത്തിലുള്ള എൻടി കേഡറിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പരിഗണിക്കേണ്ടത് എന്നാണ് ഉത്തരവിൽ പരാമർശിക്കുന്നത്. മാത്രമല്ല ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാരെല്ലാം എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പള സ്കെയിലുകളെക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ളവർ ആണെന്നാണ് മേൽ പരാമർശിത കത്ത് മുഖേന ഡയറക്ടർ അറിയിച്ചിട്ടുള്ളത്. ആയതിനാൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ജീവനക്കാരെ ഉൾപ്പെടുത്തി 05/05/2015 ലെ ഇ 2-5714/2014/ആർ.ഡി.ഡി പ്രകാരം പുറപ്പെടുവിച്ച സീനിയോറിറ്റി ലിസ്റ്റ് ക്രമപ്രകാരം ആണെന്ന് കാണാവുന്നതാണ്.

ഓരോ വകുപ്പിലും ഉള്ള എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേക്ക് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും (PTS ഒഴികെ) യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ വകുപ്പിന് നേരിട്ട് തസ്തികമാറ്റംവഴി നിയമനം നൽകാവുന്നതാണെന്ന് 03/01/2014 ലെ സ.ഉ.(പി)നം.01/2014/ഉ.ഭ.പ.വ, 19/07/2014 ലെ സ.ഉ.(പി.)നം.21/2014/ ഉ.ഭ.പ.വ എന്നീ ഉത്തരവുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതാത് വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം അനുവദിക്കേണ്ടത് അവരുടെ എൻടി കേഡറിലെ സീനിയോറിറ്റി പ്രകാരമാണ്. തസ്തികമാറ്റം അനുവദിക്കുന്ന സമയത്തെ ശമ്പള സ്കെയിൽ ഇക്കാര്യത്തിൽ കണക്കിലെടുക്കേണ്ടതില്ല. ഓഫീസ് അറ്റൻഡന്റായി സർവീസിൽ പ്രവേശിച്ച ശേഷം വിവിധ തസ്തികകളിലേക്ക് പ്രൊമോഷൻ ലഭിച്ചവരെയും

2/4

എന്നാൽ ലോവർ ഡിവിഷൻ ക്ലാർക്ക് /ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പള സ്കെയിലിന് താഴെയുള്ള സ്കെയിലിൽ സേവനമനുഷ്ഠിക്കുന്ന സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ടവരെയും ലോവർ ഡിവിഷൻ ക്ലാർക്ക് /ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് പ്രസ്തുത ഉത്തരവുകൾ പ്രകാരം പരിഗണിക്കേണ്ടതാണ്. കൂടാതെ പ്രൊമോഷൻ ലഭിച്ചവരുടെ എൻട്രി കേഡറിലെ സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തിയായിരിക്കണം സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പടുത്തേണ്ടതെന്ന് പ്രസ്തുത ഉത്തരവുകൾ വ്യവസ്ഥചെയ്തിട്ടുണ്ട്.

ആയതിനാൽ അനുബന്ധം എ 8 ഉത്തരവിൻ പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റ് പുനഃപ്രസിദ്ധീകരിക്കണമെന്നും ടി ലിസ്റ്റിൻ പ്രകാരം വകുപ്പിൽ നടത്തിയ പ്രൊമോഷനുകൾ റദ്ദ് ചെയ്യണമെന്നുമുള്ള നിവേദകരുടെ ആവശ്യം നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ ശ്രീ.രഞ്ജിത്ത്.ഡി.എൻ.ന്റെ പരാമർശം 1 പ്രകാരമുള്ള അനുബന്ധം എ9 നിവേദനത്തിലെ ആവശ്യവും മറ്റ് നിവേദകരുടെ സമാനമായ ആവശ്യങ്ങളും അനുവദിക്കാനാവില്ല എന്നറിയിച്ചുകൊണ്ട് പരാമർശം 5 പ്രകാരം പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം.
പ്രീത.കെ.എസ്.
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
ശ്രീ.രഞ്ജിത്ത്.ഡി.എൻ, ഓഫീസ് അറ്റൻഡന്റ്, ഇ.എസ്.ഐ. ഡിസ്പെൻസറി, തൃക്കോവിൽവട്ടം, കൊല്ലം - 691 577
ശ്രീ. എസ്.വി.ബിജു, ഓഫീസ് അറ്റൻഡന്റ്, ഇ.എസ്.ഐ ഡിസ്പെൻസറി, കരമന, തിരുവനന്തപുരം - 695 002
ശ്രീ.സുരേഷ് കുമാർ.ആർ.ജി., ഓഫീസ് അറ്റൻഡന്റ്, ഇ.എസ്.ഐ ഡിസ്പെൻസറി, നെയ്യാറ്റിൻകര, തിരുവനന്തപുരം - 695 121
ശ്രീ. എസ്സ്.നൗഷാദ്, ഓഫീസ് അറ്റൻഡന്റ്, ഇ.എസ്.ഐ ഡിസ്പെൻസറി, നെടുമങ്ങാട്, തിരുവനന്തപുരം - 695 541.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഡി.ബി.സെൽ) കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Endorsement No. E5-17522/2014/DIMS (2) Dated, 10.02.2016

Copy of the Government Order is communicated to the concerned Insurance Medical Officer for information.

For Director of Insurance Medical Services

To

1. The Insurance Medical Officer, ESI Dispensary, Thrikkovilvattom
2. The Insurance Medical Officer, ESI Dispensary, Karamana
3. The Insurance Medical Officer, ESI Dispensary, Neyyattinkara
4. The Insurance Medical Officer, ESI Dispensary, Nedumangadu

Copy to:- 1. Concerned incumbents (Through the Head of Office)
2. The Regional Deputy Director, IMS, SZ, Kollam/ CZ, Ernakulam/NZ, Kozhikode
3. File/Stock File

Skv-11.2.16